പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 29 — 12.01.2021 ൽ മറുപടിക്ക്

## കെ-റെയിൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ<br>ഡോ.എം.കെ. മുനീർ<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. പി കെ അബ്ദു റബ്ബ്: | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിർദ്ദിഷ്ട കെ-റെയിൽ പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (എ) | പഠനം നടത്തിയിട്ടുണ്ട്. ഏറ്റവും സാങ്കേതിമായും സാമ്പത്തികമായും അതിലുപരി സാമൂഹിക പ്രശ്നങ്ങൾക്ക മുൻതൂക്കം നൽകികൊണ്ടും ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് അലൈൻമെൻറ് നിശ്ചയിച്ചിരിക്കുന്നത്. ജനവാസം കുറഞ്ഞ പ്രദേശങ്ങളിൽ കൂടിയാണ് പാതയുടെ കൂടുതൽ ഭാഗവും കടന്നു പോകുന്നത്. പദ്ധതിക്കായുള്ള പാരിസ്ഥിതിക ആഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ നെൽപ്പാടങ്ങളും കൃഷിസ്ഥലങ്ങളും സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടു കൂടി ഈ പ്രദേശങ്ങളിൽ ആകാശപാതയിലൂടെയാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിൽ 115 കിലോമീറ്റർ പാടശേഖരങ്ങളിൽ 88 കിലോമീറ്ററും ആകാശപാതയിലൂടെയുമാണ് കടന്നുപോകുന്നത്. ജലാശയങ്ങളും തണ്ണീർതടങ്ങളും മറ്റും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പാലങ്ങളും കൽവർട്ടുകളും ഇതിനായി നിർമ്മിക്കുന്നതായിരിക്കും. നിർമ്മാണ ഘട്ടത്തിൽ പരിസ്ഥിതിയെ ബാധിക്കാത്ത രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് പദ്ധതിക്കായി നടപ്പിലാക്കുക. വിശദമായ സാമൂഹിക ആഘാത പഠനം, കൃത്യമായ ഭൂമി അളന്നു തിട്ടപ്പെടുത്തൽ എന്നിങ്ങനെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടി ക്രമങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. റെയിൽ പദ്ധതികൾക്ക് പരിസ്ഥിതി ആഘാത പഠനം നിയമപരമായി ആവശ്യമില്ല എങ്കിലും വിശദ പദ്ധതി റിപ്പോർട്ടിൻറെ ഭാഗമായി പരിസ്ഥിതി ആഘാത പഠനം നടത്തുകയുണ്ടായി. ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹിക ആഘാത പഠനം നടത്തുന്നതാണ്. |
| (ബി) | ഈ പദ്ധതി നിലവിൽ വരുമ്പോൾ കുടിയൊഴിപ്പിക്കേണ്ടിവരുന്നവരെ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ; | (ബി) | നിർദ്ദിഷ്ട പാത കടന്നുപോകുന്ന 11 ജില്ലകളിലെ ആരാധനാലയങ്ങളും പാടങ്ങളും കാവുകളും ബാധിക്കപ്പെടാത്ത രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വീടുകൾ ഉൾപ്പെടെ 9314 കെട്ടിടങ്ങളെ മാത്രമാണ് ബാധിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കാൻ സാധ്യതയുള്ളതും ഇരുപതിനായിരത്തോളം കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുന്നതുമായ ഈ പദ്ധതി നടപ്പിലാക്കാനുള്ള നീക്കം പുനർവിചിന്തനത്തിനു വിധേയമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | സിൽവർലൈൻ പദ്ധതി റെയിൽ മന്ത്രാലയത്തിൻറേയും കേന്ദ്ര സർക്കാരിന്റേയും പരിഗണനയിൽ ആണ്. കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി സഹകരിച്ച് ആവശ്യമായ എല്ലാ പഠനങ്ങളും നടത്തുന്നതോടൊപ്പം, റെയിൽവേ മന്ത്രാലയം, NITI Ayog, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ